GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/10/2026

1. കേരള കാർഷിക സർവകലാ ശാലയുടെ മണ്ണുത്തി ക്യാംപസിൽ നടത്തുന്ന ഒരു വർഷത്തെ പിജി ഡിപ്ലോമ ഇൻ ഫാം ജേണലിസം ആൻഡ് വിഷ്വൽ കമ്യൂണിക്കേഷൻ പ്രോഗ്രാമിലെ 2026-27 പ്രവേശനത്തിന് ഒക്ടോബർ 15 വരെ ഓൺലൈൻ അപേക്ഷ സ്വീകരിക്കും. ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ആകെ 100 സീറ്റ്. പ്രഫഷനലുകൾക്കായി അധികസീറ്റുണ്ട്. അപേക്ഷാഫീ 1000 രൂപ. പട്ടിക, ഭിന്നശേഷിവി ഭാഗക്കാർക്ക് 500 രൂപ. അപേക്ഷകർ കൂടുതലുണ്ടെങ്കിൽ ഒബ്ജക്റ്റീവ് ശൈലിയിലുള്ള പ്രവേശനപരീക്ഷ നടത്തും.

കൂടുതൽ വിവരങ്ങൾക്ക് 9446713249 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'കാർഷിക വിഭവങ്ങളുടെ സംസ്കരണവും, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണവും'** എന്ന വിഷയത്തിൽ ഒക്ടോബർ മാസം മുതൽ എല്ലാ ചൊവാഴ്ചയും പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. അതിന്റെ ഭാഗമായി ഒക്ടോബർ മാസം 6- ന് **'കാർഷിക വിഭവ കേക്കുകളും, കുക്കീസും - ആരോഗ്യത്തിനും, രുചിഭേദത്തിനും'** എന്ന വിഷയത്തിൽ വിദഗ്ധരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 500/- രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400483754 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.
3. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിൻ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ **ഒക്ടോബർ 13ന് ഏകദിന പരിശീലന പരിപാടി** സംഘടിപ്പിക്കുന്നു. മുട്ടക്കോഴികളുടെ പൊതുവായ പരിപാലനം, ആരോഗ്യസംരക്ഷണം, തീറ്റക്രമം, കൂട് പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ,

ആരോഗ്യപരിപാലനം, പ്രതിരോധ കുത്തിവയ്പ്പ് എന്നിവയിൽ പ്രായോഗിക പരിശീലനവും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **ഒക്ടോബർ 5ന് മുമ്പായി** ഓഫീസ് സമയമായത്ത് 8547070773, 0487-2370773 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **ഒക്ടോബർ** 13 ന് ആരംഭിക്കും. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 23 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **ഒക്ടോബർ** 13 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച്

ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438565, 8547837256എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. സസ്യ കീട-രോഗ നിയന്ത്രണ നിർദ്ദേശങ്ങൾ

മാവിലെ കൊമ്പുണക്കം

വർഷത്തിൽ ഏത് സമയത്തും മരത്തിൽ ഈ രോഗം കാണാൻ കഴിയും, പക്ഷേ ഒക്ടോബർ-നവംബർ മാസങ്ങളിലാണ് ഇത് ഏറ്റവും കൂടുതൽ പ്രകടമാകുന്നത്. ചില്ലകളും ശിഖരങ്ങളും പൂർണ്ണമായ ഇലകൾ കൊഴിയുകയും ചെയ്യുന്നതാണ് ഈ രോഗത്തിന്റെ സവിശേഷത. ഇത് മരത്തിന് തീയിൽ കരിഞ്ഞുപോയതു പോലെ തോന്നിപ്പിക്കുന്നു. ബാധിച്ച ഇല തവിട്ടുനിറമാവുകയും അതിന്റെ അരികുകൾ മുകളിലേക്ക് മടങ്ങുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ, ചില്ലയും ശാഖകളും നശിക്കുകയും, ഇലകൾ കൊഴിഞ്ഞുപോകുന്നു. രോഗം ബാധിച്ച ചില്ലകളിൽ നിന്നും ശാഖകളിൽ നിന്നും മഞ്ഞകലർന്ന തവിട്ട് നിറത്തിലുള്ള പശ പോലത്തെ സ്രവം വരുന്നു. രോഗം ബാധിച്ച ഭാഗത്തിന് 2-3 ഇഞ്ച് താഴെയായി ചില്ലകൾ വെട്ടിമാറ്റുക. വെട്ടിമാറ്റിയ ചില്ലകളിൽ ബോർഡോ പേസ്റ്റ് അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 50 WP (10 ഗ്രാം / ലിറ്റർ വെള്ളം) ചേർത്ത് പുരട്ടുക. തുടർന്ന് ബോർഡോ മിശ്രിതം 1% തളിക്കുക. കോപ്പർ ഓക്സിക്ലോറൈഡ് 50 WP ഇലകളിൽ തളിക്കാനാണെങ്കിൽ 2-3 ഗ്രാം

ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ എടുക്കേണ്ടതാണ്.രോഗം മൂർച്ഛിക്കുന്ന പക്ഷം കൃഷി ഓഫീസർമാരുടെ വിദഗ്ധ സേവനം ആരായാവുന്നതാണ്.